സൂറഃ-8

# അൽ അൻഫാൽ

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِذَا لَقِيتُمْ فِئَةً فَٱثْبُتُواْ وَٱذْكُرُواْ ٱللَّهَ كَثِيرًا
لَّعَلَّكُمْ تُفْلِحُونَ ﴿٤٥﴾

**45.** അല്ലയോ വിശ്വാസികളായവരേ, ഒരു പടയോടേറ്റുമുട്ടേണ്ടിവന്നാൽ ഉറച്ചു നിൽക്കണം. അല്ലാഹുവിനെ അധികമധികം സ്മരിക്കുകയും വേണം; നിങ്ങൾക്കു വിജയിക്കാം.

وَأَطِيعُواْ ٱللَّهَ وَرَسُولَهُۥ وَلَا تَنَٰزَعُواْ فَتَفْشَلُواْ وَتَذْهَبَ رِيحُكُمْۖ
وَٱصْبِرُوٓاْ إِنَّ ٱللَّهَ مَعَ ٱلصَّٰبِرِينَ ﴿٤٦﴾

**46.** അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുവിൻ. പരസ്പരം കലഹിക്കരുത്. കലഹിച്ചാൽ നിങ്ങൾ ദുർബലരാകും. നിങ്ങളുടെ വീര്യം കെട്ടുപോവുകയും ചെയ്യും. ക്ഷമയവലംബിക്കുവിൻ. നിശ്ചയം അല്ലാഹു ക്ഷമാശീലരോടൊപ്പമല്ലോ.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ = അല്ലയോ സത്യവിശ്വാസികളായവരേ  إِذَا لَقِيتُمْ = നിങ്ങൾ കണ്ടുമുട്ടിയാൽ(ഏറ്റുമുട്ടേണ്ടിവന്നാൽ)

فِئَةً = ഒരു സംഘത്തെ(പടയോട്)  فَٱثْبُتُواْ = നിങ്ങൾ സ്ഥിരതയുള്ളവരാവുക(ഉറച്ചുനിൽക്കേണം)

وَٱذْكُرُواْ ٱللَّهَ = നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുകയും ചെയ്യുക  كَثِيرًا = അധികമധികം

لَّعَلَّكُمْ تُفْلِحُونَ = നിങ്ങൾക്കു വിജയം പ്രതീക്ഷിക്കാം(വിജയിക്കാം)  وَأَطِيعُواْ ٱللَّهَ = നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ

وَرَسُولَهُۥ = അവന്റെ ദൂതനെയും  وَلَا تَنَٰزَعُواْ = നിങ്ങൾ പരസ്പരം കലഹിക്കരുത്

فَتَفْشَلُواْ = കലഹിച്ചാൽ നിങ്ങൾ ഭീരുക്കളാകും (ദുർബലരാകും)

وَتَذْهَبَ رِيحُكُمْۖ = നിങ്ങളുടെ കാറ്റ് പോവുകയും(വീര്യം കെട്ടു പോവുകയും) ചെയ്യും

وَٱصْبِرُوٓاْ = നിങ്ങൾ ക്ഷമിക്കുവിൻ(ക്ഷമയവലംബിക്കുവിൻ)  إِنَّ ٱللَّهَ = നിശ്ചയം അല്ലാഹു

مَعَ ٱلصَّٰبِرِينَ = ക്ഷമിക്കുവന്നവ(ക്ഷമാശീല)രോട് ഒപ്പമല്ലോ

**45,46:** ശത്രുക്കളുമായി ഏറ്റുമുട്ടിയാൽ പിന്നെ പിന്തിരിഞ്ഞോടരുതെന്ന് 15-ാം സൂക്തത്തിലും പീഡനം-ഫിത്ന- അവസാനിക്കുന്നതുവരെ പോരാടണമെന്ന് 39-ാം സൂക്തത്തിലും നിർദേശിച്ചിരുന്നുവല്ലോ. അത്തരം പോരാട്ടങ്ങളിൽ സത്യവിശ്വാസികൾക്ക് അല്ലാഹുവിന്റെ സഹായം തീർച്ചയായും ഉണ്ടാകുമെന്ന് ബദ്റിലെ സംഭവങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് വ്യക്ത

മാക്കിയ ശേഷം ആ നിർദേശം മറ്റൊരു ഭാഷയിൽ ആവർത്തിക്കുകയാണ് ഈ സൂക്തം.

إِذَا لَقِيتُمْ (നിങ്ങൾ കണ്ടുമുട്ടിയാൽ) എന്നതുകൊണ്ട് ഇവിടെ ഉദ്ദേശ്യം ഏറ്റുമുട്ടേണ്ടിവന്നാൽ എന്നാണ്. فِئَة-ന്റെ ഭാഷാർഥം കൂട്ടം, വ്യൂഹം, ദളം എന്നൊക്കെയാണ്. ഖുർആൻ ഈ പദം ഉപയോഗിച്ചിട്ടുള്ളത് അധികവും സൈനിക സംഘം എന്ന അർഥത്തിലാണ്. തങ്ങളല്ലാത്തവരെയെല്ലാം തങ്ങളുടെ ശത്രുക്കളായി കണ്ട് അവരോടൊക്കെ യുദ്ധത്തിനിറങ്ങുക മുസ്‌ലിംകളുടെ ദൗത്യമല്ല. എന്നാൽ യഥാർഥത്തിൽ തങ്ങളോടു ശത്രുത പുലർത്തുകയും തങ്ങളെ നശിപ്പിക്കാനായി ഇറങ്ങിപ്പുറപ്പെടുകയും ചെയ്തവർ പാഞ്ഞടുക്കുമ്പോൾ ഓടിയൊളിക്കാനും പാടില്ല. ഏറ്റുമുട്ടേണ്ടിവന്നാൽ ഉറച്ചുനിന്ന് പൊരുതുകതന്നെ വേണം. അത്തരം സന്ദർഭങ്ങളിൽ അഹങ്കാര പ്രചോദിതമായ വീരവാദങ്ങൾ മുഴക്കുകയും തങ്ങൾ എന്തിനും പോന്നവരാണെന്ന് ഊറ്റം കൊള്ളുകയുമരുത്. പ്രത്യുത, അല്ലാഹുവിലും അവൻ നിർദേശിച്ച ലക്ഷ്യത്തിലും മനസ്സൂന്നിവേണം യുദ്ധം ചെയ്യാൻ. അങ്ങനെ യുദ്ധം ചെയ്യുന്നവർക്കാണ് അല്ലാഹുവിന്റെ സഹായമുണ്ടാവുക. അല്ലാഹുവിന്റെ സഹായമുള്ളവർ വിജയിക്കുകയും ചെയ്യും.

ഈ സൂക്തത്തിന്റെ വിശദീകരണത്തിൽ നബി(സ) പ്രസ്താവിച്ചതായി ഇബ്നു അബീശൈബയും ത്വബ്റാനിയും മറ്റും ഉദ്ധരിക്കുന്നു:

لاَ تَتَمَنّوا لِقَاءَ الْعَدوِّ وَاسْأَلُوا الله الْعَافِيَةَ فَإِن لَقيتُمُوهُم فَاثْبُتُوا وأَكْثِرُوا ذكرَالله فَإذا جلّبوا وصاحُوا فَعَلَيْكُم بِاالصّمْت

‘ശത്രുക്കളെ കണ്ടുമുട്ടാൻ നിങ്ങൾ ആഗ്രഹിക്കരുത്. നിങ്ങൾ സദാ അല്ലാഹുവിനോട് സൗഖ്യവും സമാധാനവും തേടിക്കൊണ്ടിരിക്കണം. പക്ഷേ, ശത്രുക്കളെ കണ്ടുമുട്ടിയാൽ പിന്നെ ഉറച്ചുനിന്ന് പോരാടുകയാണ് വേണ്ടത്. അല്ലാഹുവിനെ അധികമധികം സ്മരിക്കുകയും വേണം. അവർ ഗർജിക്കുകയും ആർത്തുവിളിക്കുകയും ചെയ്താലും നിങ്ങൾ നിശ്ശബ്ദരായിരിക്കണം.’

യുദ്ധ വിജയത്തിന് അനിവാര്യമായ ഉപാധികളിലൊന്നാമത്തേതാണ് യുദ്ധമുഖത്ത് പതറാതെ ഉറച്ചുനിൽക്കുകയെന്നത്. ഭയവിഹ്വലരായി ശത്രുക്കളെ നേരിട്ടാൽ പിന്തിരിഞ്ഞോട്ടവും പരാജയവും ഉറപ്പാണ്. സ്ഥൈര്യമില്ലാതെ യുദ്ധത്തിലേർപ്പെട്ട് തിരിഞ്ഞോടുന്നതു സംബന്ധിച്ച് നേരത്തെ 15-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ട്. രണ്ടാമത്തെ ഉപാധി അല്ലാഹുവിനെ അധികമധികം സ്മരിക്കുക എന്നതാണ്. ഈ നിർദേശത്തിന് പല മാനങ്ങളുണ്ട്. വിശ്വാസി അവന്റെ എല്ലാ കാര്യങ്ങളിലും അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കണം എന്നതാണൊന്ന്. ഈയർഥത്തിൽ സൂറഃ *അൽജുമുഅഃ*യിൽ ഇങ്ങനെ പ്രസ്താവിക്കുന്നുണ്ട്:

فَإِذَا قُضِيَتِ ٱلصَّلَوٰةُ فَٱنتَشِرُوا۟ فِى ٱلْأَرْضِ وَٱبْتَغُوا۟ مِن فَضْلِ ٱللَّهِ وَٱذْكُرُوا۟ ٱللَّهَ كَثِيرًا لَّعَلَّكُمْ تُفْلِحُونَ ﴿١٠﴾

(നമസ്കാരം നിർവഹിച്ചു കഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ വ്യാപരിച്ച്, അല്ലാഹുവിന്റെ അനുഗ്രഹം തേടിക്കൊള്ളുക. അല്ലാഹുവിനെ അധികമധികം സ്മരിക്കുകയും ചെയ്യുക. നിങ്ങൾക്കു വിജയിക്കാം-62: 10). ഭൂമിയിൽ വ്യാപരിച്ച് ജീവിതായോധനപ്രവർത്തനങ്ങളിലേർപ്പെടുമ്പോഴും അല്ലാഹുവിനെ സ്മരിക്കുക എന്നാൽ അപ്പോഴും ദൈവനാമം ഉരുവിട്ടുകൊണ്ടിരിക്കുക എന്നുമാത്രമല്ല വിവക്ഷ. എല്ലാ വ്യവഹാരങ്ങളും അല്ലാഹുവിനെ ഓർത്ത് അവന്റെ വിധിവിലക്കുകൾ പാലിച്ചുകൊണ്ട് നിർവഹിക്കുക എന്നുകൂടിയാണ്. അതുപോലെ യുദ്ധം ചെയ്യുമ്പോഴും സത്യവിശ്വാസി അല്ലാഹുവിനെ ഓർക്കുകയും അവന്റെ വിധിവിലക്കുകൾ പാലിക്കുകയും ചെയ്യണം. ഇസ്‌ലാമിന്റെ യുദ്ധ നിയമങ്ങൾ ഖുർആൻ മറ്റ് സൂക്തങ്ങളിലൂടെയും പ്രവാചകൻ തന്റെ നടപടികളിലൂടെയും വ്യക്തമാക്കിയിട്ടുണ്ട്. അമിതമായ വെല്ലുവിളികളും വീരവാദങ്ങളും മുഴക്കി ബഹളം കൂട്ടാതിരിക്കുക എന്ന ഉപരിസൂചിത നിവേദനത്തിലെ നിർദേശം അക്കൂട്ടത്തിൽ പെട്ടതാണ്.

തങ്ങൾ യുദ്ധം ചെയ്യുന്നത് ആളുകളെ കൊന്നൊടുക്കാനോ നാടുകൾ ജയിച്ചടക്കി അടിമകളാക്കാനോ അല്ല, മറിച്ച് ജനങ്ങൾക്ക് യഥാർഥ ജീവിതം ജീവിക്കാൻ അവസരമുണ്ടാക്കാനും അല്ലാഹുവല്ലാത്ത എല്ലാവരുടെയും അടിമത്തങ്ങളിൽനിന്ന് അവരെ സ്വതന്ത്രമാക്കാൻ അഥവാ അല്ലാഹുവിന്റെ വചനത്തിന്റെ സാക്ഷാത്കാരത്തിനു വേണ്ടിയുമാണ്. സ്വന്തം ശക്തിയെക്കാളേറെ ഈ യുദ്ധത്തിലെ വിജയത്തിന്നാധാരം അല്ലാഹുവിന്റെ അനുഗ്രഹവും സഹായവുമാണ്, അല്ലാഹു കൽപിച്ചവിധം യുദ്ധം ചെയ്യുമ്പോൾ തീർച്ചയായും അതു ലഭിക്കുകയും ചെയ്യും.

സ്വാർഥലാഭങ്ങളോ ഭൗതിക നേട്ടങ്ങളോ ലക്ഷ്യമാക്കിയാൽ അല്ലാഹുവിന്റെ സഹായമുണ്ടാവില്ല എന്ന ബോധം ഇസ്‌ലാമിക യുദ്ധത്തിലെ ദൈവസ്മരണയുടെ മറ്റൊരു മാനമാണ്. ഈ ബോധത്തോടെ സത്യമാർഗത്തിൽ പൊരുതുന്നവർ പെട്ടെന്ന് പരിഭ്രമിച്ച് പിന്തിരിയുകയോ നിരാശരായി കീഴൊതുങ്ങുകയോ ചെയ്യുന്നതുപോലെ ഗർവിഷ്ഠരായി രാക്ഷസീയമായ നടപടികളിലേർപ്പെടുകയോ വിജയലഹരിയാൽ മതിമറന്ന് നാട്ടിൽ അക്രമം പരത്തുകയോ ചെയ്യുന്നതല്ല.

ദൈവനാമം മനസ്സിലാക്കുന്നതിനും നാവുകൊണ്ട് ഉരുവിടുന്നതിനും ذكر الله-എന്നു പറയും. ഇവിടെ രണ്ടും ഉദ്ദേശ്യമാണ്. സംഘട്ടന സന്ദർഭങ്ങളിൽ ‘അല്ലാഹു അക്ബർ’ എന്ന വിളിച്ചു പറയുന്നത് ഒരു ദിക്റുല്ലയാണ്. ഇത് സംഘത്തിൽ ആവേശവും ആത്മവീര്യവും വർധിപ്പിക്കുമെന്നത് ഒരനുഭവ സത്യമാണ്. യുദ്ധ സന്ദർഭങ്ങളിൽ ‘അല്ലാഹു അക്ബർ ഉച്ചത്തിൽ മുഴക്കുന്നത് നിശ്ശബ്ദരായിരിക്കണം എന്ന പ്രവാചക നിർദേശത്തിന് വിരുദ്ധമല്ലേ എന്ന ഒരു സംശയമുയരാം. അഹങ്കാരികളും ഗർവിഷ്ഠരുമായി അന്യായമായ ഭീഷണികളും അമിതമായ വീരവാദങ്ങളും മുഴക്കാതിരിക്കുക എന്നാണ് പ്രവാചക നിർദേശത്തിന്റെ സാരം. ദൈവനാമം ഉച്ചത്തിൽ മുഴക്കുന്നത് അക്കൂട്ടത്തിൽ പെടുന്നില്ല. സാധാരണ ദിക്റ് തീരെ സ്വകാര്യമായും ഏറെ ഉച്ചത്തിലും അല്ലാതെ മിതമായ ഒച്ചയിലായിരിക്കണമെന്ന് ഖുർആൻ പ്രസ്താവിച്ചിട്ടുണ്ട്. യുദ്ധവേള അസാധാരണ സന്ദർഭമാണ്. അവിടെ ദിക്റുകൾ എത്രത്തോളം ഉച്ചത്തിലാവാം എന്നു തീരുമാനിക്കേണ്ടത് ആ സന്ദർഭത്തിന്റെ താൽപര്യമാണ്.

യുദ്ധം പോലുള്ള പ്രതിസന്ധിഘട്ടങ്ങളിൽ അല്ലാഹുവിനെ ഓർക്കുമ്പോൾ അല്ലാഹു കൂടെയുണ്ട് എന്നബോധം മനസ്സിൽ സജീവമാകുന്നു. അതുളവാക്കുന്ന മനസ്സമാധാനവും ധൈര്യവും ഒന്നു വേറെത്തന്നെയാണ്. പ്രവാചകന്മാരുടെ ചരിത്രത്തിൽ ഇതിനു ധാരാളം ഉദാഹരണങ്ങൾ കാണാം. ഖുറൈശികളുടെ വധശ്രമത്തിൽനിന്ന് രക്ഷപ്പെട്ട് മദീനയിലേക്ക് പലായനം ചെയ്യുകയായിരുന്ന മുഹമ്മദ് നബിയും അബൂബക്റും മക്കയിലെ ഥൗർ ഗുഹയിൽ ഒളിച്ചിരിക്കുമ്പോൾ തെരഞ്ഞു നടന്ന ശത്രുക്കൾ അവിടെ എത്തിയ സന്ദർഭം ഖുർആൻ സൂറഃ *അത്തൗബ* 40-ാം സൂക്തത്തിൽ വിവരിക്കുന്നുണ്ട്. അന്വേഷകർ ഒന്ന് കുനിഞ്ഞു നോക്കിയിരുന്നുവെങ്കിൽ അവരെ കണ്ടെത്തു

മായിരുന്നു.

إِلَّا تَنصُرُوهُ فَقَدْ نَصَرَهُ ٱللَّهُ إِذْ أَخْرَجَهُ ٱلَّذِينَ كَفَرُوا۟ ثَانِىَ ٱثْنَيْنِ إِذْ هُمَا فِى ٱلْغَارِ إِذْ يَقُولُ لِصَٰحِبِهِۦ لَا تَحْزَنْ إِنَّ ٱللَّهَ مَعَنَا ۖ فَأَنزَلَ ٱللَّهُ سَكِينَتَهُۥ عَلَيْهِ وَأَيَّدَهُۥ بِجُنُودٍ لَّمْ تَرَوْهَا وَجَعَلَ كَلِمَةَ ٱلَّذِينَ كَفَرُوا۟ ٱلسُّفْلَىٰ ۗ وَكَلِمَةُ ٱللَّهِ هِىَ ٱلْعُلْيَا ۗ وَٱللَّهُ عَزِيزٌ حَكِيمٌ ﴿٤٠﴾

(നിങ്ങൾ പ്രവാചകനെ സഹായിക്കുന്നില്ലെങ്കിൽ വേണ്ട, സത്യനിഷേധികൾ പുറത്താക്കിയപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം രണ്ടിലൊരാൾ മാത്രമായിരുന്നപ്പോൾ, അവരിരുവരും ആ ഗുഹയിലായിരുന്നപ്പോൾ, ഭയവിഹ്വലനായ കൂട്ടുകാരനോട് അദ്ദേഹം പറഞ്ഞു: വ്യസനിക്കേണ്ട. അല്ലാഹു നമ്മോടൊപ്പമുണ്ട്. അപ്പോൾ അല്ലാഹു അവങ്കൽനിന്നുള്ള മനഃശാന്തി അദ്ദേഹത്തിനിറക്കിക്കൊടുത്തു. നിങ്ങൾക്ക് കാണാനാവാത്ത സൈന്യത്താൽ അദ്ദേഹത്തെ ശക്തിപ്പെടുത്തി. നിഷേധികളുടെ വചനത്തെ അവൻ ഇകഴ്ത്തിക്കളഞ്ഞു. ദൈവിക വചനം തന്നെയാണത്യുന്നതം. അല്ലാഹു അജയ്യനും അഭിജ്ഞനുമല്ലോ). അഗ്നികുണ്ഠത്തിലെറിയപ്പെട്ട ഇബ്റാഹീം(അ) ദൈവാനുഗ്രഹത്താൽ രക്ഷപ്പെട്ട് സ്വദേശത്തുനിന്ന് പലായനം ചെയ്യുമ്പോൾ അല്ലാഹുവിനെ ഓർത്തതിങ്ങനെയാണ്: إِنِّى ذَاهِبٌ إِلَىٰ رَبِّى سَيَهْدِينِ ﴿٩٩﴾ (ഞാൻ എന്റെ നാഥങ്കലേക്ക് പോകുന്നു. അവൻ എന്നെ മാർഗദർശനം ചെയ്യും-37: 99). ഫറവോനിൽനിന്ന് സ്വാതന്ത്ര്യം തേടി ഈജിപ്ത് വിട്ട മൂസാ(അ)യും സംഘവും ചെങ്കടൽ തീരത്തെത്തിയപ്പോൾ വഴിമുട്ടി. മുമ്പിൽ അഗാധമായ പാരാവാരം. പിന്നിൽ ആർത്തിരമ്പിവരുന്ന ഫറവോനും പടയും. തങ്ങൾ പിടികൂടപ്പെട്ടുകഴിഞ്ഞു എന്ന് ജനങ്ങൾ വിലപിച്ചു തുടങ്ങി. മൂസാ(അ) പറഞ്ഞു: كَلَّآ ۖ إِنَّ مَعِىَ رَبِّى سَيَهْدِينِ ﴿٦٢﴾ (ഇല്ല; എന്റെ കൂടെ എന്റെ വിധാതാവുണ്ട്. അവൻ എനിക്ക് വഴികാട്ടിത്തരും-26: 62). അല്ലാഹു അദ്ദേഹത്തിന് വഴികാട്ടിക്കൊടുക്കുകയും ചെയ്തു. ത്വാലൂത്തിന്റെ നേതൃത്വത്തിൽ ഇസ്രാഈല്യർ ഗോലിയാത്തിനെയും സൈന്യത്തെയും നേരിട്ടപ്പോൾ നടത്തിയ പ്രാർഥന ഖുർആൻ ഉദ്ധരിക്കുന്നു: 'നാഥാ, ഞങ്ങൾക്കു നീ സഹനശക്തി ചൊരിഞ്ഞു തരേണമേ, ഞങ്ങളുടെ പാദങ്ങൾ ഉറപ്പിച്ചു നിർത്തേണമേ, ഈ ധിക്കാരികളായ ജനത്തിനെതിരെ ഞങ്ങൾക്കു ജയമരുളേണമേ!' (2: 250). ഇതുപോലുള്ളതായിരുന്നു ബദ്ർ യുദ്ധം തുടങ്ങുന്നതിനു തൊട്ടുമുമ്പ് മുഹമ്മദ്(സ) നടത്തിയതായി നേരത്തെ നാം ഉദ്ധരിച്ച പ്രാർഥനയും.

അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുക എന്നതാണ് യുദ്ധവിജയത്തിന്റെ മൂന്നാമത്തെ ഉപാധി. ഇത് ദൈവസ്മരണ ذكر الله-യുടെ പൂരകമാണ്. യുദ്ധ നടപടികൾ തികഞ്ഞ അച്ചടക്കത്തോടെ ഖുർആന്റെയും സുന്നത്തിന്റെയും നിയമനിർദേശങ്ങളനുസരിച്ച് നടത്തണമെന്നാണതിന്റെ താൽപര്യം. പ്രവാചകന്റെ സാന്നിധ്യത്തിൽ അദ്ദേഹം തന്നെയാണ് പൂർണമായി അനുസരിക്കപ്പെടേണ്ട സർവസൈന്യാധിപൻ. അദ്ദേഹത്തിന്റെ അഭാവത്തിൽ അന്നന്നത്തെ നേതൃത്വം اولوالأمر ആണ് ആ സ്ഥാനത്തു വരിക. വിശ്വാസികൾ അല്ലാഹുവിനെയും അവന്റെ ദൂതനെയും പിന്നെ ഉത്തരവാദപ്പെട്ടവരെയും അനുസരിക്കണമെന്ന് 4: 59-ൽ കൽപിച്ചിട്ടുണ്ട്. ദൈവസ്മരണ വിലക്കപ്പെട്ടാൽ മനസ്സ് ശിഥിലമാകുന്നതുപോലെ നേതൃത്വത്തെ അനുസരിക്കുന്നതിലുള്ള വീഴ്ച സംഘടനാ ക്രമത്തെയും ശിഥിലമാക്കും.

പടലപിണക്കങ്ങളും കലഹങ്ങളും ഒഴിവാക്കുകയാണ് നാലാമത്തെ ഉപാധി. പാളയത്തിൽ അങ്കം വെട്ടുന്നവർക്ക് ശത്രുവിനെ ജയിക്കാനാവില്ല. അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുന്നവർ ഒരു ഭിത്തിയിലെ കല്ലുകളെന്നോണം ഒറ്റക്കെട്ടായി നിൽക്കണമെന്നും അങ്ങനെ പൊരുതുന്നവരെയാണ് അല്ലാഹു സ്നേഹിക്കുന്നതെന്നും ഖുർആൻ 61: 4-ൽ പ്രസ്താവിക്കുന്നുണ്ട്:

إِنَّ ٱللَّهَ يُحِبُّ ٱلَّذِينَ يُقَٰتِلُونَ فِى سَبِيلِهِۦ صَفًّا كَأَنَّهُم بُنْيَٰنٌ مَّرْصُوصٌ

സൈനിക തന്ത്രങ്ങളെക്കുറിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ടാവാം. അവ ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധയിൽ പെടുത്തുകയും ചർച്ചക്കു വിധേയമാക്കുകയുമാണ് വേണ്ടത്. ഒടുവിൽ ഒരു തീരുമാനത്തിലെത്തിയാൽ എല്ലാവരും ആ തീരുമാനം അനുസരിക്കണം. പിന്നീട് സ്വാഭിപ്രായങ്ങൾക്ക് പ്രസക്തിയില്ല. നിശ്ചിത തീരുമാനത്തിൽ മാറ്റം വേണ്ടതുണ്ടെങ്കിൽ നേതൃത്വം അറിയിക്കും. അപ്പോഴേ മാറ്റാവൂ. അംഗങ്ങൾ സ്വേഛാനുസാരം തീരുമാനം മാറ്റിക്കൂടാ. പൊതുതീരുമാനത്തിനെതിരെ സ്വാഭിപ്രായത്തിന് പ്രാമുഖ്യം കൽപിച്ചാൽ സൈനികമായ അച്ചടക്കം തകർന്നുപോകും. ഐക്യം നശിക്കും. ഒറ്റക്കെട്ടായ സൈന്യം പല വ്യക്തികളായി മാറുന്നു. ശത്രുവിനു മുമ്പിൽ ഉയർന്നു നിൽക്കേണ്ട സുഭദ്രമായ ഭിത്തി പല പല കഷ്ണങ്ങളായി ചിതറുന്നു. അവരുടെ യുദ്ധം അല്ലാഹുവിന്റെ മാർഗത്തിലല്ലാതെ അവരവരുടെ മാർഗത്തിലാകുന്നു. കാരണം ഓരോരുത്തരും സ്വീകരിച്ചിട്ടുള്ളത് അവരവരുടെ മാർഗമാണല്ലോ. ഇവിടെ അവരറിയാതെ അവരുടെ ആദർശ വീര്യവും ആത്മധൈര്യവും ചോർന്നു പോകുന്നു. തൽസ്ഥാനം ഭീരുത്വവും സ്വാർഥതയും കൈയേറുന്നു. പരാജയം മാത്രമായിരിക്കും അതിന്റെ ഫലം. ഉഹുദ് യുദ്ധത്തിന്റെ ഒരു ഘട്ടത്തിൽ മുസ്‌ലിംകൾ പരാജയമറിയേണ്ടിവന്നത് പ്രവാചകൻ വിന്യസിച്ച വില്ലാളികളിൽ ചിലർ അനുവാദമില്ലാതെ അവരുടെ സ്ഥാനം വിട്ടുപോയതായിരുന്നു. അതെക്കുറിച്ചു സൂറഃ *ആലുഇംറാൻ* 152-ാം സൂക്തത്തിൽ പറയുന്നു:

حَتَّىٰٓ إِذَا فَشِلْتُمْ وَتَنَٰزَعْتُمْ فِى ٱلْأَمْرِ وَعَصَيْتُم مِّنۢ بَعْدِ مَآ أَرَىٰكُم مَّا تُحِبُّونَ ۚ مِنكُم مَّن يُرِيدُ ٱلدُّنْيَا وَمِنكُم مَّن يُرِيدُ ٱلْءَاخِرَةَ ۚ

(പക്ഷേ, പിന്നെ നിങ്ങൾ ഭീരുത്വം കാണിച്ചു. കാര്യത്തിൽ പരസ്പരം തർക്കിക്കുകയും നിങ്ങൾ ഏറെ മോഹിച്ചതിനെ അല്ലാഹു കാണിച്ചുതന്നതോടുകൂടി നായകനെ ധിക്കരിക്കുകയും ചെയ്തു. നിങ്ങളിൽ ചിലർ ഭൗതികലാഭങ്ങളുദ്ദേശിച്ചവരും ചിലർ പരലോകം കാംക്ഷിച്ചവരുമായതുകൊണ്ടത്രെ അത്).

ക്ഷമയും സഹനവുമാണ് അഞ്ചാമത്തെ ഉപാധി. ഒന്നാമത്തെ ഉപാധിയായ ഉറച്ചുനിൽപിന്റെ-സ്ഥൈര്യത്തിന്റെ- അനിവാര്യതയാണിത്. ദൈവിക മാർഗത്തിൽ പ്രവർത്തിക്കുന്നതിനുള്ള ഏറ്റവും വലിയ സഹായ ശക്തിയായി ഖുർആൻ പ്രാർഥനയെയും ക്ഷമയെയും ആവർത്തിച്ച് എടുത്തു പറയുന്നുണ്ട്. സൂറഃ *അൽ ബഖറ* 45, 153 സൂക്തങ്ങളിൽ ٱسْتَعِينُوا۟ بِٱلصَّبْرِ وَٱلصَّلَوٰةِ (സഹനംകൊണ്ടും നമസ്കാരംകൊണ്ടും സഹായം തേടുവിൻ) എന്ന് അനുശാസിച്ചിരിക്കുന്നു. إِنَّ ٱللَّهَ مَعَ ٱلصَّٰبِرِينَ (ക്ഷമിക്കുന്നവരോടൊപ്പം അല്ലാഹുവുണ്ട്)

എന്ന വാക്യം ഇതിനുമുമ്പ് *അൽ ബഖറ* 152, 249 സൂക്തങ്ങളിലും ഈ സൂറയുടെ 46-ാം സൂക്തത്തിലും ആവർത്തിച്ചിട്ടുണ്ട്. സൂറഃ *അൽ ബഖറ* 155-ാം സൂക്തത്തിൽ وَبَشِّرِ ٱلصَّـٰبِرِينَ (സഹനശാലികളെ സുവിശേഷമറിയിക്കുക) എന്നും *ആലുഇംറാൻ* 146-ാം സൂക്തത്തിൽ وَٱللَّهُ يُحِبُّ ٱلصَّـٰبِرِينَ (അല്ലാഹു സഹനശാലികളെ സ്നേഹിക്കുന്നു) എന്നും പ്രസ്താവിച്ചതായി കാണാം. ഇനിയുള്ള സൂറകളിലും ഇതുപോലുള്ള പരാമർശങ്ങളുണ്ട്. ക്ഷമക്കും സഹനത്തിനും ഇസ്ലാമിക ധർമം കൽപിക്കുന്ന പ്രാധാന്യമാണ് ഈ ആവർത്തനങ്ങൾ വ്യക്തമാക്കിത്തരുന്നത്. ഇവ്വിഷയകമായ കൂടുതൽ വിശദീകരണം *ഖുർആൻ ബോധനം* ഉപരിസൂചിത സൂക്തങ്ങൾക്കു താഴെ കാണുക.

അവയവങ്ങൾ തളർന്നുപോവുക, പിരിമുറുക്കമില്ലാതാവുക, ശക്തിക്ഷയിക്കുക എന്നൊക്കെ ഭാഷാർഥമുള്ള فشل-ന്റെ ഭൂതകാല ബഹുവചനമധ്യമപുരുഷക്രിയാരൂപമാണ് فشلتم. ഭീരുത്വം, ശക്തിക്ഷയം, ശൈഥില്യം എന്നൊക്കെ فشل-ന് പ്രയോഗാർഥങ്ങളുണ്ട്. അതാണ് ഇവിടെ ഉദ്ദേശ്യം. വായുവിന്റെ ചലനമാണ് ريح. നിർണായക ഘട്ടങ്ങളിൽ മനസ്സിൽ നിറയുന്ന ആത്മവിശ്വാസവും ഊറ്റവും ധൈര്യവുമാണ് ഇവിടെ അതുകൊണ്ട് ഉദ്ദേശിക്കുന്നത്. പരസ്പരം കലഹിക്കാൻ തുടങ്ങിയാൽ ഈ സ്ഥൈര്യവും ധൈര്യവും ചോർന്നുപോകും. ഈ സന്ദർഭത്തിൽ ريح-ന്റെ വിവക്ഷ ദൈവസഹായവും യുദ്ധവിജയവുമാണെന്ന് പൂർവിക വ്യാഖ്യാതാക്കളിൽ ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ■